**പതിനാലാം കേരളനിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2969** 07/02/2018 -ൽ മറുപടിയ്ക്ക്

**എസ്.എസ്.എൽ.സി ചോദ്യപ്പേപ്പറിലുണ്ടായ പ്രശ്നം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഹൈബി ഈഡൻ : | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ മന്ത്രി) |
| (എ) കഴിഞ്ഞവർഷത്തെ എസ്.എസ്.എൽ.സി/ ഹയർസെക്കന്ററി പരീക്ഷകളിലെ ചില വിഷയങ്ങളുടെ ചോദ്യങ്ങൾ വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ചോദ്യപ്പേപ്പർ തയ്യാറാക്കുന്നതിൽ നിലവിലുള്ള രീതിയിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എന്ത് മാറ്റമാണ് ഈ വർഷം വിഭാവനം ചെയ്തിട്ടുള്ളത്; | (എ) | ഉണ്ട്.<br>എസ് എസ് എൽ സി/ഹയർ സെക്കണ്ടറി തലങ്ങളിലെ പരീക്ഷകൾക്കുള്ള ചോദ്യപേപ്പറുകൾ മുൻവർഷങ്ങളിലെ അനുഭവത്തിന്റെ വെളിച്ചത്തിൽ കൂടുതൽ വിദ്യാർത്ഥി സൗഹൃദമാക്കാൻ എസ് സി ഇ ആർ റ്റി നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് കൂടുതൽ ഓപ്ഷനുകളും അധിക ചോദ്യങ്ങളും നൽകി ചോദ്യപേപ്പറുകളുടെ ഘടനയ്ക്ക് മാറ്റം വരുത്തിയിട്ടുണ്ട്. ചോദ്യശേഖരം തയ്യാറാക്കി 'സമഗ്ര' വെബ്പോർട്ടലിൽ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വാർഷിക പരീക്ഷകൾക്കുള്ള ചോദ്യങ്ങൾ വികസിപ്പിക്കാനുള്ള മാർഗ്ഗരേഖ തയ്യാറാക്കി പരീക്ഷാഭവനും ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിനും കൈമാറിയിട്ടുണ്ട്.<br>ഹയർ സെക്കണ്ടറിയിൽ കോളേജ്/സർവ്വകലാശാല അദ്ധ്യാപകർ ചോദ്യപേപ്പർ തയ്യാറാക്കുന്ന രീതിയ്ക്ക് പകരം ഹയർ സെക്കണ്ടറി അദ്ധ്യാപകർ തന്നെ ചോദ്യപേപ്പർ തയ്യാറാക്കാൻ നടപടി ഈ വർഷം സ്വീകരിച്ചിട്ടുണ്ട്. |
| (ബി) 2017 ലെ എസ്.എസ്.എൽ.സി കണക്ക് ചോദ്യപ്പേപ്പറിലുണ്ടായ പ്രശ്നം സംബന്ധിച്ച അന്വേഷണത്തിൽ വെളിവായ വസ്തുതകൾ എന്തൊക്കെയാണ്; ഏതെങ്കിലും തരത്തിലുള്ള ഗൂഢാലോചന കണ്ടെത്തിയിട്ടുണ്ടോ; ആർക്കെങ്കിലുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടന്നു വരുന്നു. 2017 മാർച്ചിലെ എസ് എസ് എൽ സി പരീക്ഷയിലെ ഗണിതശാസ്ത്രം ചോദ്യ |

ക്കടലാസ് തയ്യാറാക്കാൻ ചുമതലപ്പെട്ടു ത്തിയിരുന്ന കണ്ണൂർ ചെറുകുന്ന് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ അദ്ധ്യാപകൻ ശ്രീ.സുജിത് കുമാർ.ജി (എച്ച് എസ് എസ് റ്റി) യെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(സി) 'ചോദ്യബാങ്ക്' 2018 ലെ പരീക്ഷയിൽ (സി) പ്രാവർത്തികമാക്കുമോ; വിദ്യാർത്ഥികൾക്കും ചോദ്യം നിർദ്ദേശിക്കാവുന്ന തരത്തിലാണോ ആയത് തയ്യാറാക്കുന്നത്; വ്യക്തമാക്കുമോ?

എസ് എസ് എൽ സി വിദ്യാർത്ഥികൾക്കായുള്ള ചോദ്യ ശേഖരം എസ് സി ഇ ആർ റ്റി തയ്യാറാക്കി നൽകിയിട്ടുണ്ട്. ചോദ്യ ബാങ്ക് സംവിധാനം ക്രമീകരിക്കുന്നതിനുള്ള നടപടികൾ നവീകരിച്ചു വരുന്നു. വിദ്യാർത്ഥികൾക്കും ചോദ്യങ്ങൾ നിർദ്ദേശിക്കാവുന്ന രീതിയിലാണ് അത് തയ്യാറാക്കി വരുന്നത്.

സെക്ഷൻ ഓഫീസർ